**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 199** — **07-06-2021 - ൽ മറുപടിയ്ക്ക്**

**വടകര ആശുപത്രിയിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | വടകര ഗവൺമെന്റ് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടെങ്കിലും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ആശുപത്രി വീർപ്പുമുട്ടുകയാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ജില്ലാ ആശുപത്രിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിക്കായി പുതുതായി പണികഴിപ്പിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | ULCCS -ന്റെ മേൽനോട്ടത്തിൽ 13.70 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടന്നു വരുന്നു. 4 നില കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾക്ക് ചീഫ് എൻജിനീയറുടെ അനുമതി കിട്ടി കഴിഞ്ഞാൽ ടി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കും. |
| (സി) | ആശുപത്രിയിലെത്തുന്ന അവശരായ രോഗികൾക്കായുള്ള ലിഫ്റ്റ് സൗകര്യം, അപകടങ്ങളിൽപെട്ട് എത്തുന്നവർക്കായുള്ള മെച്ചപ്പെട്ട അടിയന്തര ചികിത്സാ സൗകര്യം , സിസേറിയൻ ഉൾപ്പെടെയുള്ള പ്രസവചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ സജ്ജീകരിച്ച് പ്രസ്തുത ആശുപത്രിയെ രാജ്യാന്തര നിലവാരമുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ലിഫ്റ്റ് സൗകര്യം നിലവിലുണ്ട്. അടിയന്തിര ചികിത്സാ സൗകര്യവും സിസേറിയൻ ശസ്ത്രക്രിയയും മറ്റ് സർജറികളും നടന്നു വരുന്നുണ്ട്. കൂടാതെ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ജില്ലാ പഞ്ചായത്ത് മുഖേന PMJVK പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 98 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ ടി പദ്ധതിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ